സ.ഉ.(സാധാ) നം.684/2024/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പത്തനംതിട്ട ജില്ലയിലെ റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.അഭിജിത് അജയകുമാർ -ന് പഠനാവശ്യത്തിനായി അവധി അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.684/2024/LSGD തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:- 1. 13.05.2021ലെ സ ഉ (സാധാ) നം.997/2021/തസ്വഭവ നമ്പർ ഉത്തരവ്

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.01.2024ലെ LSGD/PD/68160/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ.അഭിജിത് അജയ കുമാറിന് തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിൽ പി.എച്ച്.ഡി കോഴ്സ് പൂർത്തിയാക്കുന്നതിനായി 01.02.2021 മുതൽ 31.01.2024 വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം(1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ സേവനത്തിൽ നിന്ന് വിടുതൽ ചെയ്തത് 31.05.2021 അപരാഹ്നത്തിലായതിനാൽ 01.02.2021 മുതൽ 31.05.2021 വരെയുള്ള അവധി വിനിയോഗിച്ചിട്ടില്ലെന്നും, ടിയാളുടെ 3 വർഷ കോഴ്സ് പൂർത്തിയാക്കുന്നതിനായി, പരാമർശ ഉത്തരവ് പ്രകാരമുള്ള അവധി കാലയളവ് 01.02.2024 മുതൽ 31.05.2024 വരെ ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പത്തനംതിട്ട ജില്ലയിലെ റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.അഭിജിത് അജയകുമാർ - നെ പഠനാവശ്യത്തിനായി 31.05.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി , ശ്രീ.അഭിജിത്ത് അജയകുമാർ - ന് 01.06.2021 മുതൽ 31.05.2024 വരെ , കെ എസ് ആർ . ഭാഗം 1 അനുബന്ധം XII - ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി,റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ.അഭിജിത് അജയകുമാർ , ക്ലർക്ക് ,റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ധനകാര്യ വകുപ്പ് (21.02.2024ലെ e-1728153/ധെവ-5/24/2021-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7.ഡയറക്ടർ . ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.26/ഇപിഎ1/2021-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 25-03-2024 11:04:47